## സെന്റ് തോമസ് ഇവാൻജലിക്കൽ ചർച്ച് ഓഫ് ഇൻഡ്യ

# • ജൂബിലി മെമ്മോറിയൽ ബൈബിൾ കോളേജ് സ്തോത്രകാഴ്ച •

## ■ 2010 ജൂലൈ 4 -ാം തീയതി ഞായർ ■

**പ്രതീക്ഷിക്കുന്ന തുക – 3,50,000 രൂപ (മൂന്നു ലക്ഷത്തി അമ്പതിനായിരം രൂപ)**

ബഹുമാനപ്പെട്ട ........................................................................................................... ഇടവകയിലേക്ക്/അച്ചന്,

1987 ആഗസ്റ്റ് മാസം 15 -ാം തീയതി ഉദ്ഘാടനം ചെയ്യപ്പെട്ട ചെന്നൈയിലെ നമ്മുടെ ജൂബിലി മെമ്മോറിയൽ ബൈബിൾ കോളേജ് 23 വർഷങ്ങൾ പിന്നിടുകയാണ്. എളിയ രീതിയിൽ ആരംഭിച്ച കോളേജിന് രണ്ട് ദശകങ്ങൾ കൊണ്ട് അഭിമാനാർഹമായ നേട്ടങ്ങൾ കൈവരിക്കുന്നതിന് വലിയവനായ ദൈവം ഇടയാക്കി. കോളേജിന്റെ സ്ഥാപനം മുതൽ അതിന്റെ ചെയർമാനായി പ്രവർത്തിച്ചുകൊണ്ടിരുന്ന വെരി. റവ. പി. റ്റി. ചാണ്ടപ്പിള്ള ശാരീരിക സുഖമില്ലാതെ വിശ്രമിക്കുന്നതിനാൽ തൽസ്ഥാനത്ത് ശ്രീ. സൈമൺ മാത്യൂസ് (സെക്കന്തരാബാദ്) ദീർഘനാളുകൾ ആക്ടിംഗ് ചെയർമാനായി പ്രവർത്തിച്ചിരുന്നു. ഇപ്പോൾ ബിഷപ്പ് ഡോ. എം. കെ. കോശി വർക്കിംഗ് ചെയർമാനായും റവ. ജോൺ എം. പ്രസാദ് കോളേജിന്റെ പ്രിൻസിപ്പലായും പ്രവർത്തിക്കുന്നു.

കഴിഞ്ഞ 23 വർഷങ്ങളിൽ കോളേജിൽ നിന്നും പഠനം പൂർത്തിയാക്കിയവരിൽ നമ്മുടെ സഭാംഗങ്ങളെ കൂടാതെ വ്യത്യസ്ഥ ഭാഷക്കാരായ, ഇതര സംസ്ഥാനങ്ങളിൽ നിന്നും ഉള്ള ധാരാളം കുട്ടികൾ ഉണ്ടായിരുന്നു. അവർ നമ്മുടെ രാജ്യത്തിന്റെ വിവിധ സ്ഥലങ്ങളിൽ കർത്താവിന്റെ ശുശ്രൂഷയിലായിരിക്കുന്നു. പുതിയ അദ്ധ്യയനവർഷത്തെ ക്ലാസ്സുകൾ 2010 ജൂണിൽ ആരംഭിച്ചു. ഇന്ത്യയിലെ 11 സംസ്ഥാനങ്ങളിൽ നിന്ന് വിവിധ ഭാഷക്കാരായി 25 സഭകളിൽ നിന്നും സർട്ടിഫിക്കറ്റ് ഇൻ തിയോളജി, ഡിപ്ലോമ ഇൻ തിയോളജി, പ്രീ-തിയോളജി, B.Th, M.Div, M.Th തുടങ്ങിയ കോഴ്സുകളിലായി 75 കുട്ടികൾ പഠിക്കുന്നു. ഇതിൽ 24 കുട്ടികൾ നമ്മുടെ സഭാംഗങ്ങളാണ്. 2008 ജൂണിൽ മാസ്റ്റർ ഓഫ് തിയോളജി (M.Th) കോഴ്സ് ആരംഭിച്ചു. വിവിധ ഭാഷക്കാരായി 6 കുട്ടികൾ M.Th ന് പഠിക്കുന്നു. JMBC യ്ക്ക് ഭാരത സുവിശേഷീകരണത്തിന്റെ വിശാലമായ പ്രവർത്തനങ്ങളിലുള്ള പങ്കാളിത്തത്തെ ഓർത്ത് ദൈവത്തെ സ്തുതിക്കാം.

ചെന്നൈ പട്ടണത്തിൽ നിന്ന് 35 കി. മീ. അകലെ അയ്യഞ്ചേരി എന്ന സ്ഥലത്ത് 5 ഏക്കറിൽ അധികം വരുന്ന സ്ഥലത്ത് കോളേജിന് ആവശ്യമായ കെട്ടിടങ്ങൾ പണികഴിപ്പിക്കുന്നതിന് ദൈവം സഹായിച്ചു. ഉന്നതനിലവാരം പുലർത്തുന്ന ഒരു ലൈബ്രറി, കമ്മ്യൂണിറ്റി പ്രവർത്തനത്തിന്റെ ഭാഗമെന്ന നിലയിൽ 10 ബെഡ്ഡുള്ള ജൂബിലി മെമ്മോറിയൽ ഹോസ്പിറ്റൽ, ഫാക്കൽറ്റി ക്വാർട്ടേഴ്സ്, ഫാമിലി സ്റ്റുഡന്റ്സ് ക്വാർട്ടേഴ്സ്, 26 ഓളം കമ്പ്യൂട്ടറുകൾ ഉള്ള കമ്പ്യൂട്ടർ ലാബ്, മെച്ചമായ നിലയിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും താമസിക്കുന്നതിനായുള്ള ഡോർമിറ്ററി തുടങ്ങി ഒരു ഫസ്റ്റ് ഗ്രേഡ് കോളേജിന് ആവശ്യമായ എല്ലാ സൗകര്യങ്ങളും ഈ കാലയളവിൽ ദൈവം നൽകി അനുഗ്രഹിച്ചു.

കോളേജിന്റെ സുവിശേഷ പ്രവർത്തനത്തിന്റെ ഭാഗമെന്ന നിലയിൽ സമീപ പ്രദേശങ്ങളായ 22 സ്ഥലങ്ങളിൽ വാരാന്ത്യ സുവിശേഷവേലയും നടക്കുന്നു. ഇവിടങ്ങളിൽ തമിഴ് സൺഡേസ്കൂളുകളും 7 സ്ഥലങ്ങളിൽ റെഗുലർ ആരാധനയും അനുഗ്രഹകരമായി നടന്നുവരുന്നു. JMBC യിൽ നിന്ന് വിവിധ സമയങ്ങളിലായി പഠനം പൂർത്തീകരിച്ച് വന്നിട്ടുള്ളവരായ വ്യത്യസ്ത ഭാഷക്കാരായവർ ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ നമ്മുടെ സഭയുടെ പട്ടക്കാരായും മിഷനറിമാരായും പ്രവർത്തിച്ചു വരുന്നതോർത്ത് ദൈവത്തെ സ്തുതിക്കാം.

ബൈബിൾ കോളേജിന്റെ പ്രവർത്തനങ്ങൾക്ക് പ്രതിമാസം 6 ലക്ഷത്തിലധികം രൂപ ആവശ്യമായി വരുന്നുണ്ടെങ്കിലും വർഷത്തിലൊരിക്കൽ ഈ ഇനത്തിലെടുക്കുന്ന സ്തോത്രകാഴ്ച മാത്രമാണ് സഭയായി നാം നൽകുന്നത്. ചെലവുകൾ ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിൽ വിദ്യാർത്ഥികളുടെ ഫീസിനത്തിലും മറ്റുമായി വരുന്ന ചെലവുകൾ ഏകദേശം 3 ഇരട്ടിയായി ഇപ്പോൾ വർദ്ധിപ്പിക്കുന്നതിന് ബോർഡ് അനുമതി നൽകുവാൻ പ്രേരിതമായിട്ടുണ്ട്. ആയതിനാൽ വർഷത്തിൽ ഒരിക്കൽ ഈയിനത്തിലേക്ക് എടുക്കുന്ന ഒരു സ്തോത്രകാഴ്ച തീരെ അപര്യാപ്തമാണ്. ആയതിനാൽ സഭാംഗങ്ങളായ വിദ്യാർത്ഥികളുടെ സ്പോൺസർ സംബന്ധമായ കാര്യങ്ങളിൽ പ്രത്യേകിച്ച് കുട്ടികൾ പ്രതിനിധീകരിക്കുന്ന വ്യക്തികളോ ഇടവകകളോ സെന്ററുകളോ പ്രത്യേകം ശ്രദ്ധ നൽകി ടി കുട്ടികളുടെ സ്പോൺസർഷിപ്പ് നിർവ്വഹിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. 2010 ജൂലൈ 4 -ാം തീയതി ഞായറാഴ്ച നടക്കുന്ന സ്തോത്രകാഴ്ചയിൽ ഓരോ ഭവനത്തിൽ നിന്നും പ്രാപ്തിക്കനുസരണമായ സംഭാവനകൾ നൽകി സഹായിക്കണമെന്നപേക്ഷിക്കുന്നു. പിരിഞ്ഞു കിട്ടുന്ന തുക അന്നത്തെ സ്തോത്രകാഴ്ച ഉൾപ്പെടെ അടുത്ത ദിവസം തന്നെ **ട്രഷറാർ, സെന്റ് തോമസ് ഇവാൻജലിക്കൽ ചർച്ച് ഓഫ് ഇൻഡ്യ, മഞ്ഞാടി പി. ഒ., തിരുവല്ല – 5** എന്ന വിലാസത്തിൽ അയച്ച് തരുവാനപേക്ഷിക്കുന്നു. കർത്താവ് തന്റെ ധനത്തിന്റെ മഹത്വത്തിനൊത്തവണ്ണം ക്രിസ്തുയേശുവിൽ ഏവരെയും അനുഗ്രഹിക്കട്ടെ.

*എന്ന് കർത്തൃശുശ്രൂഷയിൽ*

*സഭാ ഓഫീസ്, മഞ്ഞാടി*
*10-06-2010*

**റവ. സി. കെ. ജേക്കബ്**
*സഭാ സെക്രട്ടറി*